TB Movie Panel Weekly Review

റോഷാക്ക് (2022)

Written By : Sajan Ramanandan

റോഷാക്ക് ടെസ്റ്റ് അഥവാ റോഷാക്ക് ഇൻക്ബ്ലോട്ട് ടെസ്റ്റ്, കറുപ്പ് / ഗ്രേ / മറ്റ് നിറങ്ങളുടെ മഷിയടയാളം ഉപയോഗിച്ച് ആളുകളെ മനഃശാസ്ത്രപരമായി വിലയിരുത്താൻ ഉള്ള ഒരു മാർഗ്ഗമാണ്. 1921 ൽ, സ്വിസ്സ് മനഃശാസ്ത്രജ്ഞൻ ആയ, ഹെർമൻ റോഷാക്ക് ആണ് ഈ വിദ്യ പ്രയോഗത്തിൽ കൊണ്ട് വന്നത്, 1960 കളിൽ ഇത് പ്രചുരപ്രചാരം നേടുകയും ചെയ്തു. പേപ്പറിൽ പടർന്ന പത്തു തരത്തിലുള്ള 'inkblots' ഉപയോഗിച്ചാണ് മാനസികനിലവാരം വിലയിരുത്തപ്പെടുന്നത്. ഡിസി കോമിക്സ്,1986 ൽ, വാൾട്ടർ കോവാക്ക് എന്ന സങ്കൽപ്പിക ആന്റിഹീറോയെ protagonist ആയി Watchmen എന്ന ഗ്രാഫിക് നോവൽ പുറത്തിറക്കി. വാൾട്ടർ കോവാക്കിന്റെ അപരനാമം റോഷാക്ക് എന്നായിരുന്നു. സോഷ്യോപ്പതിക്ക് പേഴ്സണാലിറ്റി ഡിസോഡർ ഉള്ള ഈ കഥാപാത്രത്തിന്റെ മുഖംമൂടി നിരന്തരം മാറിക്കൊണ്ടിരിക്കുന്ന റോഷാക്ക് മഷിയടയാളങ്ങളായാണ് അവതരിപ്പിക്കപ്പെട്ടത്. ശരി/ തെറ്റ്, യാഥാർത്ഥ്യം/ മിഥ്യ ഇവയുടെ നേർത്ത അതിർവരമ്പുകൾ ആ മഷിയടയാളങ്ങൾ പോലെ മാറിമറിഞ്ഞു വരുന്ന കഥനമാണ് മമ്മൂട്ടി നായകനായി, നിസാം ബഷീർ സംവിധാനം ചെയ്ത സിനിമയിലും.

ദുബായിയിൽ നിന്നും നാട്ടിലെത്തിയ ലൂക്ക് ആന്റണി ഒരു ദിവസം പോലീസ് സ്റ്റേഷനിൽ എത്തുന്നതോടെയാണ് സിനിമ ആരംഭിയ്ക്കുന്നത്. ഭാര്യയുമായി വരുകയായിരുന്ന തന്റെ കാർ ഒരു അപകടത്തിൽ പെട്ടെന്നും ഭാര്യയെ കാണാനില്ലെന്നും അയാൾ പറയുന്നു. പോലീസും നാട്ടുകാരും ചേർന്നുള്ള അന്വേഷണത്തിൽ അവരെ കണ്ടെത്താനാകുന്നില്ല. ദിവസങ്ങളും മാസങ്ങളും കടന്നു പോകുമ്പോഴും അയാൾ ഭാര്യക്കായുള്ള അന്വേഷണം തുടരുന്നു, അതിനൊപ്പം കഥ പ്രതീക്ഷിക്കാത്ത ചില തെന്നിമാറലുകൾ നടത്തുന്നു.

സമീർ അബ്ദുളിന്റെ തിരക്കഥയും, നിസാം ബഷീറിന്റെ സംവിധാനവും സ്ഥിരം ശൈലിയിൽ നിന്നും വേറിട്ട് നിൽക്കുന്നുണ്ട്. കൊറിയൻ ഡ്രാമകളിൽ കാണുന്ന തരം intense ആയ കഥാപാത്രനിർമ്മിതിയാണ് ലൂക്കിന്റേത്. മറ്റുള്ള കഥാപാത്രങ്ങളും കറുപ്പും വെള്ളയ്ക്കും പകരം മധ്യവരമ്പിലൂടെ സഞ്ചരിക്കുന്നവയാണ്. ഭീഷ്മപർവത്തിനും പുഴുവിനും ശേഷം മികച്ച വൈകാരിക മുഹൂർത്തങ്ങളുള്ള ഒരു പ്രകടനത്തിന് മമ്മൂട്ടിയ്ക്ക് അവസരം ലഭിച്ചു. ഷീസോഫ്രീനിക് ആയ ലൂക്ക് ആന്റണി എന്ന കഥാപാത്രത്തിന് അദ്ദേഹം തനതായ പെരുമാറ്റങ്ങളും ഡയലോഗ് ഡെലിവറിയും പകർന്നു നൽകിയിട്ടുണ്ട്. വളരെ നിയന്ത്രിതമായ ഒരു ആന്റിഹീറോ വേഷം, അതുംഅങ്ങേയറ്റം വൈകാരിക വേലിയേറ്റ/ ഇറക്കങ്ങളുള്ള ഒരു വേഷം.

സിനിമയിൽ അമ്പരപ്പിച്ച പ്രകടനം ബിന്ദു പണിക്കരുടേതായിരുന്നു. അപാര റേഞ്ച് ഉള്ള പ്രകടനം. ജഗദീഷ്, ഷറഫുദ്ധീൻ, ഗ്രേസ് ആന്റണി, കോട്ടയം നസീർ, മണി ഷൊർണൂർ എന്നിവരും മികച്ചു നിന്നു. സഞ്ജു ശിവറാം, ശ്രീജ രവി, കീരികാടൻ ജോസ്, ഗീതി സംഗീത, സീനത്ത് തുടങ്ങിയവർ സപ്പോർട്ടിങ് കാസ്റ്റ് ആയെത്തുന്നു.

നിമിഷ് രവി ദൃശ്യങ്ങൾ ഒരുക്കിയ ചിത്രം എഡിറ്റ് ചെയ്തിരിക്കുന്നത് കിരൺ ദാസ്. മിഥുൻ മുകുന്ദൻ ആണ് സംഗീതം. മിഥുൻ ഒരുക്കിയ പശ്ചാത്തല സംഗീതം സൈക്കോളജിക്കൽ ത്രില്ലർ എന്ന സിനിമയുടെ ഴോണറിന്റെ അനുഭവത്തെ കൂടുതൽ ആഴമുള്ളതാക്കുന്നുണ്ട്. ഇംഗ്ലീഷിൽ ചെയ്ത ഗാനങ്ങളും 'eerie' സ്വഭാവം നിലനിർത്താൻ സഹായിക്കുന്നുണ്ട്. മമ്മൂട്ടി കമ്പനിയും വേഫേറർ ഫിലിംസും കൂടി നിർമ്മിച്ചിരിക്കുന്ന ചിത്രം 150 മിനിറ്റ് ദൈർഘ്യമുണ്ട്. അൽപ്പം വേഗത കുറവുള്ള, ആവർത്തനങ്ങളുള്ള കഥപറച്ചിലും, മലയാളത്തിൽ അത്ര കണ്ടുപരിചയമില്ലാത്ത സൈക്കോളജിക്കൽ ഡ്രാമാ ആഖ്യാനശൈലിയും പോരായ്മയായി അനുഭവപ്പെട്ടേക്കാം. എങ്കിലും പുതുമയുള്ള, ആകാംഷയുളവാക്കുന്ന ടൈറ്റിൽ പ്രഖ്യാപിച്ചപ്പോൾ മുതൽ പ്രേക്ഷകരിൽ ഉടലെടുത്ത പ്രതീക്ഷയ്ക്ക് ഏറിയ പങ്കും ഉയരാൻ സിനിമയ്ക്ക് സാധിച്ചിട്ടുണ്ട്. സ്ഥിരം വഴികളിൽ നിന്നും വേറിട്ട് നടക്കുന്ന ഇത്തരം ശ്രമങ്ങൾ ഇനിയും ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു, ആഗ്രഹിക്കുന്നു.